<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2386</u> <u>16-03-2022 - ൽ മറുപടിയ്ക്ക്</u>

<u>എക്സൈസ് വകുപ്പിലെ പ്രൊമോഷനുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2015 ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കു ശേഷം, എക്സൈസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രമോഷൻ നേടിയിട്ടുണ്ടെന്നും പരീക്ഷകൾ പാസ്സാകാതെ പ്രമോഷൻ നേടിയ പ്രസ്തുത ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യാൻ നിയമതടസ്സമെന്തെങ്കിലും ഉണ്ടോയെന്നും വെളിപ്പെടുത്താമോ; | (എ) | എക്സൈസ് വകുപ്പിൽ 2015 സ്പെഷ്യൽ റൂൾ ഭേദഗതിക്ക് ശേഷം വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്ത 71 പേർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയിട്ടുണ്ട്. യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനകയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും, ചില കേസുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിലവിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടി വിഷയത്തിൽ സ്റ്റേ ഉത്തരവ് ലഭിച്ച ജീവനക്കാരെ തരംതാഴ്ത്തുന്നത് സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്കോ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായോ ആയിരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ നിലവിൽ സ്റ്റേയോ കേസ്സുകളോ ഉണ്ടോയെന്നും അവ വെക്കേറ്റ് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | എക്സൈസ് വകുപ്പിൽ 2015 സ്പെഷ്യൽ റൂൾ ഭേദഗതിക്ക് ശേഷം വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്ത 71 പേർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയിട്ടുണ്ട്. യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനകയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും, ചില കേസുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിലവിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടി വിഷയത്തിൽ സ്റ്റേ ഉത്തരവ് ലഭിച്ച ജീവനക്കാരെ തരംതാഴ്ത്തുന്നത് സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്കോ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായോ ആയിരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമസാധുത ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | അബ്കാരി നിയമ പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥർ എടുക്കുന്ന കേസുകൾക്ക് നിയമ സാധുതയുള്ളതാണ്. |

സെക്ഷൻ ഓഫീസർ